ആസ്ഥാനങ്ങളുടെ കൂട്ടത്തിൽ, ഒറപ്പാലം താലൂക്കിൽ റവന്യൂ ടവർ സ്ഥാപിക്കുന്ന കാര്യം ആലോചിക്കാം.

(19) കാലവർഷത്തെ തുടർന്ന് ആലുവ താലൂക്കിൽ ഉണ്ടായ കൃഷിനാശം

ശ്രീ. കെ. മുഹമ്മദാലി: സർ, ശക്തമായ കാറ്റും കാലവർഷവും മൂലം എന്റെ നിയോജകമണ്ഡലത്തിലും വടക്കേക്കര നിയോജകമണ്ഡലം, പറവൂർ നിയോജകമണ്ഡലം എന്നിവിടങ്ങളിലും പരക്കെ കൃഷിനാശവും വേനങ്ങാം നശിക്കുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. ആലുവാ താലൂക്കിലെ കടുങ്ങല്ലൂർ പഞ്ചായത്ത്, അതുപോലെ തന്നെ ചൂർണ്ണിക്കര പഞ്ചായത്ത്, കടന്നൂർ താലൂക്കിലെ കളമശ്ശേരി മുനിസിപ്പൽ പ്രദേശം, വടക്കേക്കര നിയോജകമണ്ഡലത്തിലെ നെടുമ്പാശ്ശേരി പഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളിൽ കൃഷിനാശമുണ്ടായിട്ടുണ്ട്. വീടുകളും നശിച്ചുപോയിട്ടുണ്ട്. അടിയന്തിരമായി ഈ വീടുകളുടെ കേടുപാടുകൾക്ക് നഷ്ടപരിഹാരം നൽകുവാനും അതുപോലെ കുറച്ചു നഷ്ടമുണ്ടായവരെ സഹായിക്കാനും ഗവൺമെന്റ് മുന്നോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ വി. വിസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, കാലവർഷക്കെടുതിയെത്തുടർന്ന് ചൂർണ്ണിക്കര പഞ്ചായത്തിൽ 19 കുടുംബങ്ങളിലെ 40 പേരെ രണ്ടു കേന്ദ്രങ്ങളിലായും നെടുമ്പാശ്ശേരി പഞ്ചായത്തിലെ 49 കുടുംബങ്ങളിലെ 231 പേരെ മൂന്നു കേന്ദ്രങ്ങളിലായും മാറി പാർപ്പിച്ചിട്ടുണ്ട്. ഈ ആളുകൾക്ക് വേണ്ടുന്ന സൗജന്യ റേഷൻ, കുടിവെള്ളം, വെളിച്ചം, മരുന്ന് എന്നിവയ്ക്കുള്ള എല്ലാ സൗകര്യങ്ങളും ഇപ്പോൾത്തന്നെ ചെയ്തു കൊടുത്തിട്ടുണ്ട്. നെടുമ്പാശ്ശേരി പഞ്ചായത്തിൽ ഉൾപ്പെട്ട ഏകദേശം 250 ഏക്കറോളം കൃഷിഭൂമിയിൽ നിൽക്കുന്ന വാഴ, തെങ്ങ്, മരച്ചീനി, കമുക്, മറ്റു ഫലവൃക്ഷങ്ങൾ എന്നിവയ്ക്കും നെൽപാടങ്ങൾക്കും കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ചൂർണ്ണിക്കര പഞ്ചായത്തിലെ നൂറ് ഏക്കറോളം കൃഷിഭൂമിയിലെ കാർഷിക വിളകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കൃഷി നാശം വന്നവർക്ക്, അത് സംബന്ധിച്ച റിപ്പോർട്ടു ലഭിച്ചാൽ സഹായം നൽകുന്നതാണ്. ആ പഞ്ചായത്തിൽ 15 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതായിട്ടാണ് കണക്കുകൾ കിട്ടിയിരിക്കുന്നത്. പ്രകൃതിക്ഷോഭം മൂലം കടുങ്ങല്ലൂർ പഞ്ചായത്തിൽ 30 വീടുകൾ ഭാഗികമായി തകർന്നു. തുടർച്ചയായ കാലവർഷം മൂലം വെള്ളം പൊങ്ങിയതിനെത്തുടർന്ന് കടുങ്ങല്ലൂർ പഞ്ചായത്തിൽ തുറന്നിട്ടുള്ള രണ്ടു ക്യാമ്പുകളിലായി 60 കുടുംബത്തിൽപെട്ട 238 പേരെ മാറി പാർപ്പിച്ചിട്ടുണ്ട്. അവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും അവിടെ ചെയ്തുകൊടുത്തിട്ടുണ്ട്.

(20) മണ്ണാർക്കാട് കാലവർഷക്കെടുതി മൂലമുണ്ടായ ജീവഹാനിയും കൃഷിനാശവും

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, നാലു മാസമായി തിമിർത്തു പെയ്യുന്ന മഴയുടെ അനന്തരഫലമായി എന്റെ നിയോജകമണ്ഡലത്തിൽ ഒരു കോടി അറുപത്തിമൂന്ന് ലക്ഷം രൂപയുടെ നാശനഷ്ടം ഇതിനകം ഉണ്ടായിട്ടുണ്ട്. അതുപോലെത്തന്നെ പുതൂർ പഞ്ചായത്ത്, കേരള സംസ്ഥാനത്തുനിന്നും ഒറപ്പെട്ടിരിക്കുകയാണ്. ഭോനി നദി നിറഞ്ഞു കവിഞ്ഞൊഴുകുന്നതുകൊണ്ട്, ശിരുവാണിപ്പുഴ നിറഞ്ഞു കവിഞ്ഞൊഴുകുന്നതുകൊണ്ട്, അധികമായി ജലം ഫ്ളോ ചെയ്യുന്ന ഒരവസ്ഥയുണ്ടായിട്ടുണ്ട്. മുവ്വായിരത്തോളം റബ്ബർ മരങ്ങൾ നശിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

32 വീടുകളും പൂർണ്ണമായും തകർന്നു കഴിഞ്ഞു. മണ്ണാർക്കാട് എം.ഇ.എസ്. കല്ലടി കോളേജിന്റെ മേൽപ്പുര മുഴുവൻ പറന്നുപോയി. പല സ്കൂളുകളിലും കനത്ത വിള്ളലുകളും ചോർച്ചകളും ഉണ്ടായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ വീടുകളും പുനർ നിർമ്മിക്കാനും വയനാട് മോഡലിൽ അട്ടപ്പാടി പോലുള്ള പ്രദേശങ്ങളിലെ കർഷകർക്ക് ഒരു പ്രത്യേക പാക്കേജുണ്ടാക്കി, അവരുടെ ലോണിന്റെ പലിശ ചുരുക്കാനും സത്വരമായ നടപടികളും റവന്യൂ വകുപ്പും നിയമവകുപ്പും ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, മണ്ണാർക്കാട് താലൂക്കിൽ മഴ ഇപ്പോഴും തുടരുന്നുണ്ട്. ഭവാനിപ്പുഴ കരകവിഞ്ഞൊഴുകുകയും, ചാവണ്ടിടിയൂർ ക്രോസ്വേ മുങ്ങുകയും ചെയ്തിട്ടുള്ളതിനാൽ പുതൂർ പഞ്ചായത്ത് ഒറ്റപ്പെട്ട നിലയിലാണ്. ഒരിക്കൽ വെള്ളം താണിരുന്നുവെങ്കിലും ഇപ്പോൾ വെള്ളം കുറച്ചു കൂടിയിട്ടുണ്ട്. ചാവണ്ടിടിയൂരിലെ പാലം പണി പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഇപ്പോഴത്തെ ഈ കാലവർഷക്കെടുതിയിൽ 232 വീടുകൾ ഭാഗികമായി തകർന്നിരിക്കുകയാണ്. 7 വീടുകൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. ഈ ഇനത്തിൽ 11,43,000 രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. ആയിരക്കണക്കിനു റബ്ബർ മരങ്ങളും കാറ്റത്ത് വീണിട്ടുണ്ട്. ഇവിടെ ആവശ്യപ്പെട്ടതുപോലെ എല്ലാവർക്കും ആശ്വാസമായിട്ടുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

V. വ്യവസായ വകുപ്പുമന്ത്രിയുടെ തിരുത്തൽ സ്റ്റേറ്റ്മെന്റ്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, വളരെ ഗൗരവതരമായ ഒരു പ്രശ്നം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഈ ക്രമപ്രശ്നത്തിലൂടെ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി എന്റെ ഒരു നക്ഷത്രചിഹ്നമിട്ട ചോദ്യത്തിനുത്തരമായി നൽകിയിട്ടുള്ള മറുപടി തിരുത്തിക്കൊണ്ട് ഇന്നലെ സഭയിൽ മറ്റൊരു സ്റ്റേറ്റ്മെന്റ് വയ്ക്കുകയുണ്ടായി. ആദ്യത്തെ മറുപടി യഥാർത്ഥത്തിൽ ആർക്കും ബോദ്ധ്യപ്പെടാവുന്ന ഒരു മറുപടിയായിരുന്നു. പക്ഷേ ഗവൺമെന്റിന്റെ മുഖം വികൃതമാക്കാൻ വേണ്ടിപ്പോകുന്നുവെന്നു മനസ്സിലായപ്പോൾ, മുഖം രക്ഷിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രിയെക്കൊണ്ട് മറ്റൊരു തിരുത്തിയ സ്റ്റേറ്റുമെന്റ് ഇന്നലെ സഭയിൽ വച്ചത്. അങ്ങേയറ്റം അബദ്ധപഞ്ചാംഗമായി മാറി എന്നു പറഞ്ഞാൽ അതിശയോക്തിയല്ല. ഇതു എത്രമാത്രം അബദ്ധമാണെന്നു ഞാൻ പറയണ്ടേ? എൽ. ഡി. എഫ്. ഗവൺമെന്റിന്റെയും യു. ഡി. എഫ്. ഗവൺമെന്റിന്റെയും കണക്കുകൾ തമ്മിൽ താരതമ്യം ചെയ്തുനോക്കണം. 6,084.72 കോടി രൂപ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് വ്യവസായ നിക്ഷേപമുണ്ടെന്നു പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 1,200.46 കോടി രൂപയുടെ വ്യവസായ നിക്ഷേപമാണെന്നു പറഞ്ഞു. അതിനെ സംബന്ധിച്ച് കൃത്യമായ കണക്കുണ്ട്. പക്ഷേ ഈ തിരുത്തിയ സ്റ്റേറ്റുമെന്റിൽ പുതിയൊരു കോളം വന്നിട്ടുള്ളത്, കെ. എഫ്. സി. പോലുള്ള വാണിജ്യ ബാങ്കുകൾ, ഡിപ്പാർട്ടുമെന്റിന്റെ കീഴിൽത്തന്നെ പ്രവർത്തിക്കുന്ന ബാങ്കുകൾ, സാമ്പത്തിക സ്ഥാപനങ്ങൾ, എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര നിക്ഷേപമുണ്ടായി? അതിനു വിവരം ലഭ്യമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly